# ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

**സിനഡ് സെക്രട്ടറിയറ്റ്, സെന്റ് തോമസ് കമ്യൂണിറ്റി, തിരുവല്ല, കേരളം, ഇൻഡ്യ**

## <u>ഇടയലേഖനം</u>

May/June 2024

**ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിലെ എന്റെ സഹമേൽപ്പട്ടക്കാർക്കും, വൈദീകർ, ശെമ്മാശന്മാർ, സുവിശേഷകർ, ലോകമെമ്പാടുമുള്ള എല്ലാ വിശ്വാസസമൂഹത്തിനും,**

**പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവത്തിൽനിന്നുള്ള കൃപയും കരുണയും സമാധാനവും എല്ലായ്പ്പോഴും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.**

നമ്മുടെ ആത്മീയ പിതാവായ അഭിവന്ദ്യ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പൊലീത്ത നമ്മെ വിട്ടുപിരിഞ്ഞിട്ട് രണ്ടാഴ്ചയിലേറെയായി. വന്ദ്യ പിതാവിന്റെ അശ്രാന്തമായ അദ്ധ്വാനത്തിനും നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിനും നമുക്ക് നൽകിത്തന്ന മാർഗനിർദേശത്തിനുമുള്ള നന്ദിയും കടപ്പാടും വാക്കുകൾകൊണ്ട് പ്രകടിപ്പിക്കുവാൻ നമുക്ക് കഴിയുകയില്ല. പെട്ടെന്നുള്ള ഈ വിയോഗത്തിൽ നാമെല്ലാവരും വളരെ ദുഃഖിതരായിരിക്കുമ്പോൾ, വിശുദ്ധ പൗലോസ് ശ്ലീഹ 1 തെസ്സലൊനീക്യർ 4:13 ൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, പ്രത്യാശയില്ലാത്തവരെപ്പോലെ നാം ദുഃഖിക്കുന്നില്ല എന്നറിയുന്നതിൽ ഞങ്ങൾ ആശ്വാസം കണ്ടെത്തുന്നു.

പരിശുദ്ധ മോറാൻ മോർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പോലീത്തായുടെ വിയോഗ വിവരം അറിഞ്ഞത് മുതൽ വന്ദ്യ പിതാവിന്റെ കബറടക്ക ശുശ്രൂഷ കഴിയുന്നതുവരെയും മുഴുവൻ സഭാ കുടുംബവും ഒത്തുചേർന്ന് അവിശ്വസനീയമായ ഐക്യവും സ്നേഹവും മനോഹരമായി പ്രദർശിപ്പിച്ചു. നിങ്ങൾ ഓരോരുത്തർക്കും ഞങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് നന്ദി അർപ്പിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട വന്ദ്യ പിതാവിനെ ആദരിക്കാൻ നിങ്ങൾ എടുത്ത സമയവും ത്യാഗവും വളരെ ഹൃദയസ്പർശിയായതും അർത്ഥപൂർണ്ണവുമായിരുന്നു. ബസിലും ട്രെയിനിലും മറ്റു വാഹനങ്ങൾ വിളിച്ചും വന്ദ്യ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ കടന്നുവന്ന നിങ്ങളുടെ സാന്നിധ്യവും പ്രാർത്ഥനകളും വളരെ അവിശ്വസനീയമായ സ്വാധീനമാണ് ചെലുത്തിയത്.

സഭയുടെ പാരമ്പര്യമനുസരിച്ച്, മെയ് 8 മുതൽ, നമ്മുടെ സഭയുടെ എല്ലാ ഭദ്രാസനങ്ങളിലും ഇടവകകളിലും 40 ദിവസത്തെ ദുഃഖാചരണം ആചരിക്കുന്നു. ഈ കാലയളവിൽ, പ്രിയപ്പെട്ട വന്ദ്യപിതാവ് അത്തനേഷ്യസ് യോഹാൻ മെത്രാപ്പോലീത്തയുടെ ഫോട്ടോ നമ്മുടെ ദൈവാലയത്തിൽ സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ സ്മരണയ്ക്കായി പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്യുക.

### ചില സുപ്രധാന കാര്യങ്ങൾ

മുൻപോട്ടുള്ള സഭയുടെ യാത്രയിൽ ചില പ്രധാനപ്പെട്ട കാര്യങ്ങളിൽ നിങ്ങളുടെ ഓരോരുത്തരുടെയും പൂർണ്ണമായ സഹകരണം ആവശ്യമാണ്. അവ ചുവടെ ചേർക്കട്ടെ!

- **അനുസ്മരണ യോഗങ്ങൾ:** എല്ലാ പ്രധാന സഭാ നേതാക്കന്മാരെയും, വളരെ പ്രധാനപ്പെട്ട വൈദികരെയും, സമൂഹത്തിലെ പ്രമുഖ വ്യക്തികളെയും, നിങ്ങളുടെ പ്രദേശത്തെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ എം.പി.മാർ, എം.എൽ.എ.മാർ, മറ്റ് വിശിഷ്ട വ്യക്തിത്വങ്ങൾ, എന്നിവരെ ക്ഷണിച്ചുകൊണ്ട് ഓരോ ഭദ്രാസനവും ഒരു പൊതു അനുശോചന യോഗം സംഘടിപ്പിക്കണം. അനുഗ്രഹീതമായ സ്മരണകളിലൂടെ അന്ത്യവിശ്രമം കൊള്ളുന്ന നമ്മുടെ മെത്രാപ്പോലീത്തയുടെ ജീവിതത്തെയും പൈതൃകത്തെയും സ്മരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സമയമായി നാം ഈ അനുസ്മരണ യോഗങ്ങളെ മാറ്റണം.

- ♦ **നാല്പതു ദിവസത്തെ ദുഖാചരണം:** ലോകമെമ്പാടുമുള്ള നമ്മുടെ പരിശുദ്ധ സഭ പ്രിയപ്പെട്ട അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പോലീത്തയുടെ സ്മരണയ്ക്കായി, **2024 ജൂൺ 16-ന് ഞായറാഴ്ച,** എല്ലാ ഭദ്രാസന കാര്യാലയങ്ങളിലും, സ്ഥാപനങ്ങളിലും, ഇടവകകളിലും വന്ദ്യപിതാവിന്റെ ബഹുമാനാർത്ഥം നാല്പതാം ദിവസത്തിന്റെ പ്രത്യേക അനുസ്മരണ സമ്മേളനം നടത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.
- ♦ **അഭിവന്ദ്യ പിതാവിന്റെ പൈതൃകം കാത്തുസൂക്ഷിക്കുക:** ബഹുമാനപ്പെട്ട നമ്മുടെ മെത്രാപ്പോലീത്തായുടെ സ്മരണയും പൈതൃകവും നിലനിർത്തുന്നതിന്, നിങ്ങളുടെ ഭദ്രാസന ഓഫീസുകൾ, സ്ഥാപനങ്ങൾ, ഇടവകകൾ, ഭവനങ്ങൾ എന്നിവിടങ്ങളിൽ ഫ്രെയിം ചെയ്ത ഫോട്ടോകൾ പ്രദർശിപ്പിക്കാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഈ ഫോട്ടോകളുടെ നല്ല ഡിജിറ്റൽ പകർപ്പുകൾ പ്രിന്റിംഗിനും ഫ്രെയിമിംഗിനുമായി നിർദ്ദേശിച്ച അടിക്കുറിപ്പുകൾക്കൊപ്പം ഞങ്ങൾ നിങ്ങൾക്ക് അയയ്ക്കുന്നതായിരിക്കും.
- ♦ **അടുത്ത മെത്രാപ്പോലീത്തായുടെ തിരഞ്ഞെടുപ്പ്:** നാല്പതു ദിവസത്തെ അനുസ്മരണ ശുശ്രൂഷയെ തുടർന്ന് വിശുദ്ധ സുന്നഹദോസ് 2024 ജൂൺ 17 മുതൽ സഭാ ആസ്ഥാനത്ത് (സെന്റ് തോമസ് കമ്മ്യൂണിറ്റി, കുറ്റപ്പുഴ, തിരുവല്ല കേരള, ഇന്ത്യ) ചേരും. ഈ സമയത്തു പരിശുദ്ധ സുന്നഹദോസ് നമ്മുടെ സഭയിലേക്കുള്ള അടുത്ത മെത്രാപ്പോലീത്തയെ പ്രാർത്ഥനാപൂർവ്വം തിരഞ്ഞെടുക്കും. തിരഞ്ഞെടുത്ത പിൻഗാമിയുടെ സ്ഥാനാരോഹണ ചടങ്ങുകൾക്ക് ഒരു നിശ്ചിത സമയം പ്രഖ്യാപിക്കും. പുതിയ മെത്രാപ്പോലീത്ത നമ്മുടെ വന്ദ്യ പിതാവ് അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പോലീത്തയുടെ പൈതൃകത്തെ ആദരിച്ചുകൊണ്ട് സഭയുടെ മറ്റ് പ്രധാന അജണ്ടകൾ ഏറ്റെടുക്കും. ഈ സുപ്രധാന അവസരത്തിനായി നമ്മുടെ എല്ലാ വിശ്വാസികളും വളരെ തീക്ഷ്ണതയോടെ നിരന്തരമായി പ്രാർത്ഥനയിൽ ഐക്യതപ്പെടണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.**

ഒരു വലിയ മാറ്റത്തിന് നാം തയ്യാറെടുക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടി ഞങ്ങളോടൊപ്പം നിങ്ങളും പ്രാർത്ഥിക്കുമല്ലോ!

1. **അടുത്ത മെത്രാപ്പോലീത്തയുടെ തെരഞ്ഞെടുപ്പ്:** മുൻകാലങ്ങളിൽ വിശുദ്ധ സഭയെ നയിച്ച പരിശുദ്ധാത്മാവ്, നമ്മുടെ സഭയെ തന്റെ സ്നേഹത്താൽ നയിക്കുന്ന ഒരു തിരുമേനിയെ തിരഞ്ഞെടുക്കാൻ പരിശുദ്ധ സുന്നഹദോസിലെ അംഗങ്ങൾക്ക് ദിവ്യ ജ്ഞാനവും വിവേചന ശക്തിയും മാർഗനിർദേശവും നൽകേണ്ടതിനായി നാം പ്രാർത്ഥിക്കണം
2. **നമ്മുടെ ദൗത്യത്തിന്റെ തുടർവിജയത്തിനു വേണ്ടി:** വാക്കിലും പ്രവൃത്തിയിലും ദൈവസ്നേഹം പങ്കുവെക്കാൻ നാം പരിശ്രമിക്കുമ്പോൾ, നമ്മുടെ എല്ലാ പ്രയത്നങ്ങളിലും ദൈവികാനുഗ്രഹം ഉണ്ടായിരിക്കുവനായി നാം പ്രാർത്ഥിക്കണം.
3. **ഐക്യവും സ്ഥിരതയും:** വൈവിധ്യമാർന്ന നമ്മുടെ സഭ ദൈവസ്നേഹത്തിൽ ഐക്യതയും സ്ഥിരതയും സമാധാനവും കണ്ടെത്തേണ്ടതിനായും, സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സമ്പൂർണ്ണ ഐക്യതയുടെയും ബന്ധത്തിൽ നിന്നുകൊണ്ട് സകലവും പ്രവർത്തിക്കേണ്ടതിനായും നാം ഓരോരുത്തരും പ്രാർത്ഥിക്കണം.
4. **യുവജനങ്ങൾ:** നമ്മുടെ സഭയിലെ യുവാക്കളും സ്ത്രീകളും ദൈവത്തിന്റെ വിളിയിൽ പ്രതികരിക്കുകയും വിശുദ്ധ സഭയെ സേവിക്കുകയും നമ്മുടെ ഭദ്രാസന സെമിനാരികൾ, സിസ്റ്റേഴ്സ് ഓഫ് ദി ക്രോസ് (SOC) പരിശീലന കേന്ദ്രങ്ങൾ, മേജർ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം നേടുകയും ചെയ്യേണ്ടതിനായി പ്രാർത്ഥിക്കണം

5. **സിസ്റ്റേഴ്സ് ഓഫ് ദ ക്രോസിന്റെ (SOC) സമർപ്പണ ശുശ്രൂഷയും അവരുടെ നിയമനങ്ങളും:** സിസ്റ്റേഴ്സ് ഓഫ് ദ ക്രോസിന്റെ (SOC) വരാനിരിക്കുന്ന സമർപ്പണ ശുശ്രൂഷയുടെയും അവരുടെ നിയമങ്ങളുടെയും കാര്യത്തിൽ ദൈവിക ജ്ഞാനം ലഭിക്കേണ്ടതിനായും ആവശ്യക്കാരിലേക്ക് ദൈവത്തിന്റെ സ്നേഹവും സന്ദേശവും എത്തിക്കുവാൻ ദൈവം അവരുടെ കഴിവുകളും സമർപ്പണവും ഉപയോഗിക്കേണ്ടതിനും പ്രാർത്ഥിക്കണം.

7. **പരിശുദ്ധ സഭാ സിനഡിലെ അംഗങ്ങളെ ഓർത്ത്:** പരിശുദ്ധ സഭയെ നയിക്കുവാനുള്ള ഉത്തരവാദിത്തങ്ങൾ പ്രാർത്ഥനാപൂർവ്വം ഏറ്റെടുക്കുകയും വിശുദ്ധ സഭയുടെ സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുമ്പോൾ ദൈവം കൃപയും ജ്ഞാനവും ആരോഗ്യവും ആത്മീയമായ ശക്തിയും നൽകേണ്ടതിനായും പ്രാർത്ഥിക്കണം.

പിതാവായ ദൈവത്തിന്റെ സ്നേഹവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പരിശുദ്ധ റൂഹായുടെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ!

പരിശുദ്ധ സഭയിൽനിന്നും,

**✠ സാമുവൽ മോർ തിയോഫിലോസ് എപ്പിസ്കോപ്പ**